സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

26 ഫെബ്രുവരി 2022

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ-ഹരിപ്പാട് റെയിൽപ്പാതയിൽ L.C No.115 ൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ

അർത്ഥനാധികാരി

കേരള റെയിൽവ്വേ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
തിരുവനന്തപുരം

Chairperson
Social Impact Assessment Unit

എസ്.ഐ.എ യൂണിറ്റ്

മിസ്സിസ്. പ്രിൻസി ജേക്കബ്
സൗമ്യ നഗർ, ആലിഞ്ചുവട്, ഇടപ്പള്ളി പി.ഒ,
കൊച്ചി, 682 024

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

26 ഫെബ്രുവരി 2022

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ–ഹരിപ്പാട് റെയിൽപ്പാതയിൽ

L.C No.115 ൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനു

വേണ്ടി ഭൂമി ഏറ്റെടുക്കൽ

അർത്ഥനാധികാരി

കേരള റെയിൽവ്വേ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
തിരുവനന്തപുരം

എസ്.ഐ.എ യൂണിറ്റ്

മിസ്സിസ്. പ്രിൻസി ജേക്കബ്
സൗമ്യ നഗർ, ആലിഞ്ചുവട്, ഇടപ്പള്ളി പി.ഒ,
കൊച്ചി, 682 024

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

പട്ടികകൾ

പട്ടിക 1.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിശദാംശങ്ങൾ

പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 4.1 പദ്ധതിയുടെ പരോക്ഷാഘാത ബാധിതരെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 4.2 കൈവശമുള്ള സ്ഥലത്തിൻെറ വലുപ്പവും ഉടമസ്ഥാവകാശ വിശദാംശങ്ങളും

പട്ടിക 6.1പദ്ധതി ബാധിത ജനസംഖ്യയുടെ വൈവാഹികാവസ്ഥ

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ചിത്രങ്ങൾ

ചിത്രം 6.1 പദ്ധതി ബാധിത ജനസംഖ്യയുടെ പ്രായം തിരിച്ചുള്ള വിതരണം

ചിത്രം 6.2 റേഷൻ കാർഡിൻെറ നിറം

ചിത്രം 6.3 ആഘാത ബാധിത കുടുംബങ്ങളിലെ മാസവരുമാനം

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കേരളത്തിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു ജില്ലയാണ് ആലപ്പുഴ. ആലപ്പുഴ ജില്ലയിലെ ഒരു ചെറുപട്ടണമാണ് അമ്പലപ്പുഴ. ആലപ്പുഴയിൽ നിന്നും 14 കി.മീ തെക്കാണ് അമ്പലപ്പുഴ സ്ഥിതി ചെയ്യുന്നത്. ആലപ്പുഴ ജില്ലയിലെ ഒരു മുനിസിപ്പാലിറ്റിയാണ് ഹരിപ്പാട്. NH – 66 ൽ ആലപ്പുഴക്കും കൊല്ലത്തിനും ഇടയിലാണ് ഹരിപ്പാട് സ്ഥിതി ചെയ്യുന്നത്. സതേൺ റെയിൽവ്വേയുടെ തിരുവനന്തപുരം ഡിവിഷനിലെ അമ്പലപ്പുഴ–ഹരിപ്പാട് സ്റ്റേഷനുകൾക്കിടയിൽ തൃപ്പക്കുടത്ത് സ്ഥിതി ചെയ്യുന്ന ഒരു ലെവൽക്രോസ്സാണ് L.C No.115. ഇവിടെ ഒരു റെയിൽവ്വേ മേൽപ്പാലം നിർമ്മിക്കുകയാണ് നിർദ്ദിഷ്ട പദ്ധതി.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ധിഷ്ട റെയിൽവ്വേ ഓവർ ബ്രിഡ്ജ് നിർമ്മാണ പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

1.2 സ്ഥലം

ഹരിപ്പാട് നഗരസഭയിലെ 4–ാം വാർഡിലും, വീയപുരം ഗ്രാമപഞ്ചായത്തിലെ 9–ാം വാർഡിലും ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. കാർത്തികപ്പള്ളി താലൂക്കിലെ ഹരിപ്പാട്,വീയപുരം വില്ലേജുകളിൽ പദ്ധതി പ്രദേശം ഉൾപ്പെടുന്നു.

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും.

നിർദ്ദിഷ്ട റെയിൽവ്വേ മേൽപ്പാലത്തിൻേറയും അപ്രോച്ച്റോഡിൻേറയും നിർമ്മാണത്തിനുവേണ്ടിയുള്ള നിർദ്ദിഷ്ട പദ്ധതിക്കായി ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ ഹരിപ്പാട്, വീയ്യപുരം വില്ലേജുകളിൽ നിന്നുമായി 20 ആർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ആവശ്യമായി വരുന്ന ഭൂമിയുടെ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിലെ വിവരിക്കുന്നു.

പട്ടിക 1.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	സർവ്വേ നമ്പർ	വിവരണം	വ്യാപ്തി (ഹെക്ടറിൽ)
ഹരിപ്പാട് വീയപുരം വില്ലേജ് ബ്ലോക്ക് 8			
1	127/1	സർക്കാർ വഴി	
2	127/6	നിലം	
3	127/7	സർക്കാർ റോഡ്	
4	127/8	പുരയിടം	
5	128/1	സർക്കാർ റോഡ്	
6	128/2,3,4,5,6,8	പുരയിടം	
7	129/8	പുരയിടം	
8	129/9	സർക്കാർ	
9	135/11,12	പുരയിടം	
10	372/1,2,3	പുരയിടം	
11	376/4,7,8	പുരയിടം	
12	376/5	പുറമ്പോക്ക്	
13	376/9,10,11,12	പുരയിടം	
14	377/1	സർക്കാർ	
15	377/3,2	പുരയിടം	
16	377/4	പുരയിടം	
വീയപുരം വില്ലേജ് ബ്ലോക്ക് നമ്പർ 6			
1	211/7	നിലം	
2	211/5,6,13,14	നിലം	
3	211/8	പുരയിടം	
4	211/12	പുറമ്പോക്ക്	
5	211/20	പുറമ്പോക്ക് വഴി	
6	211/24 –1	നിലം	
7	211/27	നിലം	
8	211/31	നിലം	
9	211/42	നിലം	
10	211/13	നിലം	
11	210/3,6,7,10	പുരയിടം	
12	210/1	സർക്കാർ റോഡ്	
13	210/9	സർക്കാർ പുരമ്പോക്ക്	
14	210/8	സർക്കാർ പുരമ്പോക്ക്	
15	210/18	പുരയിടം	
16	215/2	പുരയിടം	
17	215/14	നിലം	
18	215/15	പുരയിടം	
ആകെ			0.20

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

റെയിൽവ്വേ ലവൽ ക്രോസ്സിന് ഒരു ബദൽ സംവിധാനം ആയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തി ഇല്ല.

1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു:

- പദ്ധതി ഭൂമിയിൽ ഉടമസ്ഥാവകാശമുള്ള 20 കുടുംബങ്ങളുടേയും തൃപ്പക്കുടം ക്ഷേത്രം, അമൃത വിദ്യാലയ, ഹരിപ്പാട്, എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമിയും ഏറ്റെടുക്കപ്പെടും.
- മൂന്ന് കടകളും ഒരു വർക്ക് ഷോപ്പും പദ്ധതി പ്രദേശത്ത് നിന്ന് കുടിയൊഴിയപ്പെടും.
- തെങ്ങ്–17,പ്ലാവ്വ് –13 കമുക്–3 , പ്ലാവ്–6,പുളി–1 എന്നീ വിവിധ മരങ്ങൾ മുറിച്ച് മാറ്റേണ്ടി വരും.
- നാല് കുടുംബങ്ങങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു.
- ഏറ്റെടുക്കപ്പെടുന്ന ഭൂയിലെ ചുറ്റുമതിൽ, ഗേറ്റ്, കടകളുടെ മുൻവശം, വർക്ക് ഷോപ്പ്, അമൃത വിദ്യാലയത്തിൻെറ സെക്യൂരിറ്റി കാബിൻ മുതലായവ മുഴുവനായോ ഭാഗികമായോ പൊളിച്ചുമാറ്റപ്പെടും.

1.6. ലഘൂകരണ നടപടികൾ

പ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളും തൽപ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ, കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചു കൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പ്രായോഗികമെങ്കിൽ നിലവിലുള്ള അലൈന്മെൻറിൽ ഹരിപ്പാട് വില്ലേജിൻെറ പരിധിയിൽ വരുന്ന ഭാഗത്ത് മാറ്റം വരുത്തി റോഡിൻെറ ഇരുഭാഗങ്ങളിലും ഒരേ അളവിൽ ഭൂമി ഏറ്റെടുക്കുക. ഈ ഭാഗത്ത് ഭൂമി നഷ്ടപ്പെടുന്ന വീടുകൾക്കും കടകൾക്കും ഉണ്ടാകുന്ന ആഘാതം കുറക്കുവാൻ സാധിക്കും.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉപയോഗരഹിതമാകുന്ന ഭൂമികൾകൂടി ഏറ്റെടുക്കുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക.
- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

റെയിൽവ്വേ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ–റെയിൽ) ആണ് ഈ പദ്ധതിയുടെ അർത്ഥനാധികാരി. റെയിൽവ്വേ ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം റെയിൽവ്വേയുടെ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ലിസ്റ്റിൽ പിങ്ക് ബുക്ക് നമ്പർ SR (PB# 430 g/2018 – 19) ൽ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ (എൽ.എ, ജനറൽ), ആലപ്പുഴ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്വം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. ഈ പദ്ധതിക്ക് ആവശ്യകമായി വന്നേക്കാവുന്ന 20 ആർ സ്ഥലം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനതിനുമുള്ള അവകാശനിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഏറ്റെടുക്കുന്നതിൻെറ ഭാഗമായി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് 27.11.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3499 പ്രകാരം ജില്ലാ കളക്ടർ, ആലപ്പുഴ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

. 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ലെവൽ ക്രോസ്സിലൂടെയുള്ള വഹനങ്ങളുടെ സർവ്വേയുടെ അടിസ്ഥാനത്തിൽ TVU ഒരു ലക്ഷത്തിന് മുക്കളിലയതിനാൽ പുതിയ റെയിൽവ്വേ മേൽപ്പലത്തിൻെറ നിർമ്മാണം അനിവാര്യമാണ്. പുതിയ മേൽപ്പാലം വരുന്നതുമൂലം റെയിൽ മുഖേനയും റോഡ് മുഖേനയും ഉള്ള യാത്രക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തുവൻ നിർദ്ധിഷ്ട പദ്ധതി സഹായകമാകും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1) b (i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവൺമെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/6/2009–INF പ്രകാരമുള്ള പ്രവർത്തനങ്ങളും സാധനങ്ങളുമാണ്. അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ് നിർദ്ദിഷ്ട പദ്ധതി.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

സതേൺ റെയിൽവ്വേയുടെ തിരുവനന്തപുരം ഡിവിഷനിലെ അമ്പലപ്പുഴ–ഹരിപ്പാട് സ്റ്റേഷനുകൾക്കിടയിൽ തൃപ്പക്കുടത്ത് സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ്സ് No.115 ൽ റെയിൽവ്വേ മേൽപ്പാലം നിർമ്മിക്കുന്നതിന് 30.49 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കലിനുള്ള ചെലവ് സംസ്ഥാന സർക്കാർ ആണ് വഹിക്കേണ്ടത്. ഈ പദ്ധതിക്കായി 20 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

റെയിൽവ്വേ ലവൽ ക്രോസ്സിന് ഒരു ബദൽ സംവിധാനം ആയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തി ഇല്ല.

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പദ്ധതിയിൽ റെയിൽവ്വേ മേൽപാലവും അനുബന്ധ റോഡും ഉൾപ്പെടുന്നു.

a. പാലം

റെയിൽവ്വേ സ്പാനിൻെറ നീളം 56.36 മീറ്റർ ഉൾപ്പെടെ മൊത്തം പാലത്തിൻെറ നീളം 473.3 മീറ്റർ ആണ്. വണ്ടിപോകുന്നതിനുള്ള പാലത്തിൻെറ വീതി 7.5 മീറ്റർ ഉൾപ്പെടെ പാലത്തിൻെറ മൊത്തം വീതി 10.35 മീറ്റർ ആണ്. 1.50 മീറ്റർ വീതിയിലുള്ള നടപ്പാതയും 0.45 മീറ്റർ വീതിയിലുള്ള കർബും ഇരു വശങ്ങളിലും 0.45 മീറ്റർ വീതിയിലുള്ള ക്രാഷ് ബാരിയറും ഇതിൽ ഉൾപ്പെടുന്നു.

b. അനുബന്ധ റോഡ്

എടത്വാ ഭാഗത്തേക്കുള്ള അനുബന്ധറോഡിൻെറ നീളം 189.5 മീറ്ററും ഹരിപ്പാട് ഭാഗത്തേക്കുള്ള അനുബന്ധറോഡിൻെറ നീളം 227.37 മീറ്ററും ആണ്.

2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ഇരു വശങ്ങളിലും 4.5 മീറ്റർ വീതിയുള്ള സർവ്വീസ് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.

2.7 ആവശ്യമായ തൊഴിൽ ശക്തി

മേൽപ്പാലത്തിൻേറയും അപ്രോച്ച് റോഡിൻേറയും നിർമ്മാണം പൂർണ്ണമായും നടപ്പിലാക്കുന്നത് കെ– റെയിൽ ആയിരിക്കും.ആവശ്യമായ തൊഴിൽ ശക്തി ഏർപ്പാടക്കുന്നത് ഈ ഏജൻസി മുഖേനയുള്ള നടപടികൾക്കനുസൃതമായിരിക്കും.

2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ നടന്നിട്ടില്ല. ട്രാഫിക് വെഹിക്കിൾ സർവ്വേ നടത്തിയതിൻെറ അടിസ്ഥാനത്തിൽ ആണ് ഈ പദ്ധതിയുടെ സാധ്യത കണ്ടെത്തിയത്.

2.9. ബാധകമായ നിയമങ്ങളും നയങ്ങളും

ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

അദ്ധ്യായം 3

പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013ലെ കേന്ദ്ര ആക്ട് 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ–ഹരിപ്പാട് റെയിൽപ്പാതയിൽ 115 ൽറെയിൽവ്വേ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിനും വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 27.11.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3499)

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

നിർദ്ദിഷ്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠന സംഘം

ക്രമ ന മ്പർ	പേര്	വിദ്യാഭ്യാസയോഗ്യത, പദവി	പ്രവർത്തനപരിച യം
1	പ്രിൻസി ജേക്കബ്	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ്	വികസന മേഖലയിൽ 23 വർഷം.
2	മിഥുൻ മാത്യു	എം.എസ്.ഡബ്ല്യൂ, റിസർച്ച് അസോസിയേറ്റ്	വികസന മേഖലയിൽ 4 വർഷം

3	ഐജൻ സി.എ	ബി.എ, ബി. എഡ്, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ	വികസന മേഖ ലയിൽ 27 വർഷം.

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഹരിപ്പാട് മുനിസിപ്പാലിറ്റിയിലേയും വീയപുരം ഗ്രാമ പഞ്ചായത്തിലേയും ഈ പദ്ധതിയെക്കുറിച്ച് ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ അറിയുകയും. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസത്തിൽ നിന്നുമാണ് പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കിയത്. വിവരശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേയും നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ റെയിൽവ്വേ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം നിന്നും ശേഖരിച്ചു. പ്രാഥമിക ദ്വിതീയ മാർഗ്ഗത്തിലൂടെ ശേഖരിച്ച വിവരങ്ങളിലൂടെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ യും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയുടേയും കരട് രേഖ തയ്യാറാക്കിയിരിക്കുന്നത്.

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽനിന്നും ഭൂവുടമകളിൽനിന്നും 3 വർഷമായി പദ്ധതി പ്രദേശത്ത് വാടകയ്ക്ക് കഴിയുന്നവരിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും കേരള റെയിൽവ്വേ ഡെവലപ്പ്മെൻറ്

കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം ൽ നിന്നും ലഭിച്ച വിശദമായ പദ്ധതി രേഖകളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പട്ടിക3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

തീയതി	പ്രവർത്തനങ്ങൾ
27.11.2021	എസ്.ഐ.എ പഠനം ഭരമേൽപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ കളക്ടറുടെ കത്ത്.
31.01.2022	പ്രാഥമിക പദ്ധതി പ്രദേശ സന്ദർശനവും തത്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചകളും
27.11.2021	ഗസറ്റ് വിജ്ഞാപനം 4(1)
22.02.2022	പബ്ലിക് ഹിയറിംങ്ങ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013, 5–ാം വകുപ്പ് പ്രകാരവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ന്റെ 14–ാം ചട്ട പ്രകാരവും പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംങ്ങ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥകൾക്ക് അനുസൃതമായി 2022 മാർച്ച് 9 ന് സുബ്രമണ്യ ഡ്രൈവിംഗ് സ്കൂൾ, തൃപ്പക്കുടം വച്ച് പബ്ലിക്ക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചു. പബ്ലിക്ക് ഹിയറിംഗിന്റെ പത്ര വിജ്ഞാപനം മാധ്യമം, ദീപിക എന്നീ രണ്ട് പ്രധാന മലയാള ദിനപത്രങ്ങളിൽ നൽകി.

അദ്ധ്യായം 4
സ്ഥലത്തിൻെറമൂല്യനിർണ്ണയം

4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

ആലപ്പുഴ ജില്ലയിലെ ഒരു ചെറുപട്ടണമാണ് അമ്പലപ്പുഴ. ആലപ്പുഴയിൽ നിന്നും 14 കി.മീ തെക്കാണ് അമ്പലപ്പുഴ സ്ഥിതി ചെയ്യുന്നത്. ആലപ്പുഴ ജില്ലയിലെ ഒരു മുനിസിപ്പാലിറ്റിയാണ് ഹരിപ്പാട്. NH – 66 ൽ ആലപ്പുഴക്കും കൊല്ലത്തിനും ഇടയിലാണ് ഹരിപ്പാട് സ്ഥിതി ചെയ്യുന്നത്. ഹരിപ്പാട് നഗരസഭയിലെ 4–ാം വാർഡിലും, വീയപുരം ഗ്രാമപഞ്ചായത്തിലെ 9–ാം വാർഡിലും ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. കാർത്തികപ്പള്ളി താലൂക്കിലെ ഹരിപ്പാട്,വീയപുരം വില്ലേജുകളിൽ പദ്ധതി പ്രദേശം ഉൾപ്പെടുന്നു.

സതേൺ റെയിൽവ്വേയുടെ തിരുവനന്തപുരം ഡിവിഷനിലെ അമ്പലപ്പുഴ-ഹരിപ്പാട് സ്റ്റേഷനുകൾക്കിടയിൽ തൃപ്പക്കുടത്ത് സ്ഥിതി ചെയ്യുന്ന ഒരു ലെവൽ ക്രോസ്സാണ് L.C No.115. ഇവിടെ ഒരു റെയിൽവ്വേ മേൽപ്പാലം നിർമ്മിക്കുകയാണ് നിർദ്ദിഷ്ട പദ്ധതി.



4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

ഭൂമി ഏറ്റെടുക്കലിൻെറ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും നിർദ്ദിഷ്ട പദ്ധതി മൂലം 22 കുടുംബങ്ങളും ദേവസ്വം ബോർഡ്, അമൃത വിദ്യാലയം, ഹരിപ്പാട് എന്നിവയുടെ കൈവശമുള്ള വസ്തുവും പദ്ധതി ബാധിതമാകുന്നു. ഇതിൽ മൂന്ന് വർഷത്തിലധികമായി പദ്ധതി പ്രദേശത്തുള്ള വാടക കെട്ടിടത്തിൽ ബിസിനസ്സ് നടത്തിവരുന്ന രണ്ട് കുടുംബങ്ങളും ഉൾപ്പെടുന്നു.

പട്ടിക 4.1 പദ്ധതിയുടെ പരോക്ഷാഘാത ബാധിതരെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	ഭൂവുടമയുടെ പേര്	സർവ്വേ നമ്പർ
1	ബിനു മാത്തൻ, കാട്ടിൽ തെക്കെതിൽ	376/7
2	രാജി കാട്ടില് വടക്കതില് w/o രാജേന്ദ്ര പ്രസാദ്	376/4-2
3	രേഖ രാജീവ്, "താര"	376/4-3
4	എം.കെ രവീന്ദ്രപിള്ള, രവിമംഗലത്ത്	211/7 - 2
5	തങ്കമ്മ ചെറിയാൻ	127/8-2
6	രമേഷ്.പി, ''പാർവ്വതി മന്ദിരം''	376/10,376/14-2, 376/8,376/9
7	പൂജ പരമേശ്വരൻ, നീൽകമൽ	128/6-2, 128/7
8	ശാന്ത ഗോപാലകൃഷ്ണൻ, കോതകുളത്തിൽ വീട്	211/13-2
9	വിനോദ് കുമാർ	
10	പ്രദീപ് കുമാർ	
11	ശശി കേശവൻ, കോയിക്കൽ വടക്കതിൽ	210/3
12	രാജേഷ്, കോതകുളത്ത് വീട്	211/14
13	ഗോപാലപിള്ള ഗോവിന്ദൻ നായർ, ചെങ്ങളത്ത് വീട്	210/7
14	ഉഷ ഗോപികൃഷ്ണൻ	
15	രാകേഷ്, S/O.രവീന്ദ്രൻ നായർ, രാകേഷ് ഭവനം	211/4-2

16	രവീന്ദ്രൻ നായർ,രാകേഷ് ഭവനം	211/42, 211/31
17	ബാലകൃഷ്ണൻ	
18	അനിത, ബാലകൃഷ്ണൻ	376/4-4
19	ലേഖ ജയപ്രകാശ്	211/6-2
20	തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഹരിപ്പാട് ഗ്രൂപ്പ്	
21	അമൃത വിദ്യാലയം, ഹരിപ്പാട്	
22	തങ്കം അപ്പു	

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി മൊത്തം 20 ആർ ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്.

4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഇല്ല.

4.5.പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുൻപ് സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്യിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

പദ്ധതി പ്രദേശത്തിൻെറ ഒരു ഭാഗം ഹരിപ്പാട് മുനിസിപ്പാലിറ്റിയിലും മറു ഭാഗം വീയപുരം ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ വീടുകൾ ഒന്നും തന്നെ ബാധിതമാകുന്നില്ല. കൃഷിക്ക് മാത്രമായി ഉപയോഗിക്കുന്ന ഭൂമിയും പദ്ധതി പ്രദേശത്തില്ല. പദ്ധതി പ്രദേശത്ത് മൂന്ന് വർഷത്തിൽ അധികമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന മൂന്ന് കടകളും ഒരു വർക്ക് ഷോപ്പും പദ്ധതിക്കായി ഏറ്റെടുക്കപ്പെടു,. ഇത് ഈ കുടുംബങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗത്തെ ബാധിക്കും

4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന പ്രദേശത്തിൻെറ തരം പട്ടിക 1.3.1 സൂചിപ്പിക്കുന്നു. പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പുരയിടം, നിലം, സർക്കാർ റോഡ്, സർക്കാർ പുറമ്പോക്ക്, പുറമ്പോക്ക് എന്നിവ യഥാക്രമം 32,12,4,2,2 വീതം സർവ്വേ നമ്പറുകൾ ഉൾപ്പെടുന്നു. പദ്ധതിക്കയി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പുരയിടം, നിലം, സർക്കാർ റോഡ്, സർക്കാർ പുറമ്പോക്ക്, പുറമ്പോക്ക് എന്നിവ യഥാക്രമം 32,12,4,2,2 വീതം സർവ്വേ നമ്പറുകൾ ഉൾപ്പെടുന്നു.ഭൂരിഭാഗവും താമസത്തിനായി ഉപയോഗിക്കുന്നവയാണ്. ബിസിനസ്സിനും, താമസത്തിനുമായി 3 വസ്തുക്കൾ ഉപയോഗിക്കുന്നു. ഒരു വസ്തു ബിസിനസ്സിനായി മാത്രം ഉപയോഗിക്കുന്നു. ഒരു വസ്തു ക്ഷേത്രത്തിൻെറ ഭാഗവും, മറ്റൊന്ന് ഒരു സ്കൂളിൻെറ ഭാഗവും ആണ്. തുറസ്സായി കിടക്കുന്ന 3 ഭൂമിയും ഏറ്റെടുക്കുന്നവയിൽ ഭൂമിയിൽ ഉൾപ്പെടുന്നു.

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങളും, ഭൂരേഖകളും ആഘാതബാധിതരിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ 41 വസ്തുവകകൾ സ്വകാര്യ വ്യക്തികളുടേതും 8 വസ്തുവകകൾ സർക്കരിൻേറയു 3 വസ്തുവകകൾ പുറമ്പോക്ക് ഭൂമിയും ആണ്.

പട്ടിക 4.2 കൈവശമുള്ള സ്ഥലത്തിൻെറ വലുപ്പവും ഉടമസ്ഥാവകാശ വിശദാംശങ്ങളും

ക്രമ നമ്പർ	സർവ്വേ നമ്പർ	ഭൂമിയുടെ ഉടമസ്ഥാവകാശം	വ്യാപ്തി (ഹെക്ടറിൽ)
ഹരിപ്പാട് വില്ലേജ് ബ്ലോക്ക് 8			
1	127/1	സർക്കാർ	
2	127/6	സ്വകാര്യം	
3	127/7	സർക്കാർ	
4	127/8	സ്വകാര്യം	
5	128/1	സർക്കാർ	
6	128/2,3,4,5,6,8	സ്വകാര്യം	
7	129/8	സ്വകാര്യം	

8	129/9	സർക്കാർ	
9	135/11,12	സ്വകാര്യം	
10	372/1,2,3	സ്വകാര്യം	
11	376/4,7,8	സ്വകാര്യം	
12	376/5	പുറമ്പോക്ക്	
13	376/9,10,11,12	സ്വകാര്യം	
14	377/1	സർക്കാർ	
15	377/3,2	സ്വകാര്യം	
16	377/4	സ്വകാര്യം	
വീയപുരം വില്ലേജ് ബ്ലോക്ക് നമ്പർ 6			
1	211/7	സ്വകാര്യം	
2	211/5,6,13,14	സ്വകാര്യം	
3	211/8	സ്വകാര്യം	
4	211/12	പുറമ്പോക്ക്	
5	211/20	പുറമ്പോക്ക്	
6	211/24 –1	സ്വകാര്യം	
7	211/27	സ്വകാര്യം	
8	211/31	സ്വകാര്യം	
9	211/42	സ്വകാര്യം	
10	211/13	സ്വകാര്യം	
11	210/3,6,7,10	സ്വകാര്യം	
12	210/1	സർക്കാർ	
13	210/9	സർക്കാർ	
14	210/8	സർക്കാർ	
15	210/18	സ്വകാര്യം	
16	215/2	സ്വകാര്യം	
17	215/14	സ്വകാര്യം	
18	215/15	സ്വകാര്യം	
ആകെ			**20 ആർ**

(അവലംബം:27.11.2022 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3499)

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവര പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വസ്തുക്കളിൽ ഉടമസ്ഥാവകാശം കൈമാറ്റം നടന്നിട്ടില്ല.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ-സാത്തീക-സാംസ്കാരിക വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

5.1 പദ്ധതിയുടെ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

5.1.1പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

22 കുടുംബങ്ങളാണ് നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതർ. തിരുവിതാംകൂർ ദേവസ്വം ബോർഡ്, അമൃത വിദ്യാലയം, ഹരിപ്പാട് എന്നിവയും പദ്ധതി ബാധിതമാകുന്നുണ്ട്.

5.1.2 **പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:**

പട്ടിക 5.1. മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം

മതം	എണ്ണം
ഹിന്ദു	20
ക്രിസ്ത്യൻ	2
ആകെ	**22**

ആഘാതബാധിതരാകുന്ന കുടുംബങ്ങളിൽ 20 കുടുംബങ്ങൾ ഹിന്ദു മതത്തിലും 2 കുടുംബങ്ങൾ ക്രിസ്ത്യൻ മതത്തിലും ഉള്ളവരാണെന്ന് പട്ടിക 5.1. വെളിവാക്കുന്നു.

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പ്രസ്തുത പ്രദേശം വനഭൂമി അല്ല

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതു സ്വത്ത് ഒന്നും തന്നെ ആഘാത ബാധിതമാകുന്നില്ല

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

5.5 മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പത്ത് കുടുംബങ്ങൾ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്നു. പക്ഷേ ആരുടേയും വീടുകൾ നഷ്ടപ്പെടുന്നില്ല.

5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

നാല് കുടുംബങ്ങൾ ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ അവരുടെ പ്രധാന വരുമാന മാർഗ്ഗമായി ആശ്രയിക്കുന്നു.

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതിക്ക് പരോക്ഷ പ്രത്യാഘാതങ്ങളില്ല.

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

മൂന്ന് കടകളും ഒരു വർക്ക് ഷോപ്പും പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂരിഭാഗം ഭൂമിയും വീടുകളൊട് ചേർന്നുള്ള വസ്തുവകകളാണ്. കുടുംബങ്ങൾ ഈ ഭൂമിയിൽ ഗാർഹികാവശ്യങ്ങൾക്കായി കൃഷി ചെയ്യുന്നു. തെങ്ങ്-17, പ്ലാവ്വ് - 13 കമുക്-3, പ്ലാവ്-6, പുളി-1 എന്നീ വിവിധ വൃക്ഷങ്ങൾ പദ്ധതിബാധിതമാകുവാൻ സാധ്യതതയുള്ളവയിൽ ഉൾപ്പെടുന്നു.

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുന:സ്ഥാപന പ്രദേശവും)

6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 22 കുടുംബങ്ങളിൽ ഉൾപ്പെട്ട 92 പദ്ധതി ആഘാത ജനങ്ങളെ എസ്.ഐ.എ സംഘം കണ്ടെത്തി. 41 പുരുഷന്മാരും 51 സ്ത്രീകളും അടങ്ങുന്നതാണ് പദ്ധതി ബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

ചിത്രം 6.1 പദ്ധതി ബാധിത ജനസംഖ്യയുടെ പ്രായം തിരിച്ചുള്ള വിതരണം



പട്ടിക 6.1പദ്ധതി ബാധിത ജനസംഖ്യയുടെ വൈവാഹികാവസ്ഥ

വൈവാഹികാവസ്ഥ	ശതമാനം
വിവാഹിതർ	56
അവിവാഹിതർ	16
വിധവ/വിഭാര്യൻ	12
ബാധകമല്ല (18 വയസിനു താഴെയുള്ള കുട്ടികൾ)	16

56% പേർ വിവാഹിതരും 16% പേർ അവിവാഹിതരും 12% വിധവ/വിഭ്യാര്യരും ആണെന്ന് പട്ടിക 6.1 തെളിയിക്കുന്നു.

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

ചിത്രം 6.2 റേഷൻ കാർഡിൻെറ നിറം



പൊതു വിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിൻെറ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിൻെറ നിറം ഏതാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം 6.2 വിവരിക്കുന്നു. 35% കുടുംബങ്ങൾക്ക് വെള്ളയും 40% കുടുംബങ്ങൾക്ക് പിങ്കും 25% കുടുംബങ്ങൾക്ക് നീലയും നിറത്തിലുള്ള റേഷൻ കാർഡ് ആണ് ലഭ്യമായിരിക്കുന്നത്. പിങ്ക് കളർ റേഷൻ കാർഡ് ലഭ്യമായിരിക്കുന്ന കുടുംബങ്ങൾ സാമൂഹിക-സാമ്പത്തിക വിഭാഗത്തിൽ ഏറ്റവും താഴെ ഉള്ളവരാണ്.

ചിത്രം 6.3 പദ്ധതി ബാധിത കുടുംബങ്ങളുടെ മാസവരുമാനം



30% കുടുംബങ്ങളുടെ മാസ വരുമാനം 5000 രൂപയ്ക്ക് താഴെയും 20000 രൂപയ്ക്ക് മുകളിലുമാണെന്ന് മുകളിലെ ചിത്രീകരണം വിവരിക്കുന്നു. 5001 രൂപയ്ക്കും 10000 രൂപയ്ക്കും ഇടയിൽ മാസവരുമാനമുള്ള 25 ശതമാനവും 10001 രൂപയ്ക്കും 15000 രൂപയ്ക്കും ഇടയിൽ മാസവരുമാനമുള്ള 10% കുടുംബങ്ങളും പദ്ധതി ബാധിതമാകുന്നുണ്ട്.

6.3 ദുർബ്ബല ജനവിഭാഗം

പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെട്ട ജനവിഭാഗത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുണ്ട്. നിർദ്ദിഷ്ട പദ്ധതി പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽ ഉൾപ്പെട്ട രണ്ട് കുടുംബങ്ങളെ ബാധിക്കും. 18 വയസ്സിന് താഴെയുള്ള കുട്ടികളും 60 വയസ്സിനു മുകളിലുള്ള വൃദ്ധരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. ആഘാത ബാധിത ജനസംഖ്യയുടെ 29.1 ശതമാനം 18 വയസ്സിനു താഴെയുള്ള കുട്ടികളും 10.6 ശതമാനം 60 വയസ്സിന് മുകളിൽ പ്രായമായവരാണ്.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

കുടുംബങ്ങൾ പദ്ധതി ബാധിത ഭൂമി വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഭൂരിഭാഗം കുടുംബങ്ങളും താമസത്തിനായി ഉപയോഗിക്കുന്നു. 4 കുടുംബങ്ങൾ താമസത്തിനും ബിസിനസ്സിനും ഉപയോഗിക്കുന്നു. 3 കുടുംബങ്ങൾ ഏറ്റെടുക്കപ്പെടുന്ന ഭൂമി വാടകക്ക് നൽകി വരുമാനം കണ്ടെത്തുന്നു.13 കുടുംബങ്ങൾ താമസതിന് മാത്രമായി ഭൂമി ഉപയോഗിക്കുന്നു. ഒരു ഭൂമി ക്ഷേത്രത്തിൻെറ ഭാഗവും മറ്റൊന്ന് സ്കൂളിൻെറ ഭാഗവും ആണ്.

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

ബിസിനസും കൃഷിയുമാണ് പ്രദേശത്തെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഇവയൊന്നും തന്നെ ആഘാത ബാധിതമാകുന്നില്ല

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബങ്ങളിൽ 8 കുടുംബങ്ങൾ അണുകുടുംബങ്ങളും 14 കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളുമാണ്. സാമൂഹിക സാംസ്കാരിക സംഘടനകളൊന്നും പദ്ധതി ബാധിതമാകുന്നില്ല

6.8 ഭരണ സംഘടനകൾ

ഭരണ സംഘടനകളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി പ്രദേശത്തില്ല.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

നിർദ്ദിഷ്ട പദ്ധതി പ്രദേശം ഹരിപ്പാട് നഗരത്തിനോട് ചേർന്ന് കിടക്കുന്ന പ്രദേശ മാണ്. ഈ പ്രദേശത്തെ ജനങ്ങൾ വിദ്യാഭ്യാസം, ആശുപത്രി ,ജോലി എന്നീ ആവശ്യങ്ങൾക്കായി മിക്കവാറും ഹരിപ്പാട് പട്ടണത്തേയോ ആലപ്പുഴ നഗരത്തേയോ ആണ് ആശ്രയിക്കുന്നത്. വീയപുരം പഞ്ചായത്തിലെ ജങ്ങൾക്ക് ഹരിപ്പാട് ഭാഗത്തേക്ക് എത്തിച്ചേരുന്നതിന് റെയിൽവ്വേ ലെവൽ ക്രോസ്സ് പലപ്പോഴും

തടസ്സമാണ്.നിർദ്ദിഷ്ട പദ്ധതി ഈ ഭാഗത്തുള്ള ജനങ്ങളുടെ യാത്രാ ക്ലേശങ്ങൾക്ക് ഒരു പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി സഹായകമാകും.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പ്ലാൻ

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, വിപരീതഫലങ്ങൾ ദുരീകരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക, ഭൂമി ഏറ്റെടുക്കലിൻെറ ഗുണകരവും ദോഷകരവുമായ ആഘാതങ്ങളെ കണ്ടുപിടിക്കുക, പദ്ധതിയുടെ സവിശേഷതകൾ മനസ്സിലാക്കുക എന്നിവയാണ് എസ്.ഐ.എ. യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനറിപ്പോർട്ടും സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും, ഹരിപ്പാട് മുനിസിപ്പാലിറ്റിയിലേയും വീയപുരം ഗ്രാമപഞ്ചായത്തിലെയും പ്രാദേശിക സ്വയംഭരണ നേതാക്കളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. ഇവ ആഘാതം ദുരീകരിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ കണ്ടെത്തുന്നതിന് സഹായകമായി.

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം. പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ഉപജീവന പുന:സ്ഥാപന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുക.

- പ്രായോഗികമെങ്കിൽ നിലവിലുള്ള അലൈൻമെൻറിൽ ഹരിപ്പാട് വില്ലേജിൻെറ പരിധിയിൽ വരുന്ന ഭാഗത്ത് മാറ്റം വരുത്തി റോഡിൻെറ ഇരുഭാഗങ്ങളിലും ഒരേ അളവിൽ ഭൂമി ഏറ്റെടുക്കുക. ഇത് ഈ ഭാഗത്ത് ഭൂമി നഷ്ടപ്പെടുന്ന വീടുകൾക്കും കടകൾക്കും ഉണ്ടാകുന്ന ആഘാതം കുറക്കുവാൻ ഇത് സഹായകമാകും..
- പുനരധിവാസ പുന:സ്ഥാപന പദ്ധതികളിൽ ദുർബലജന വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- ഭൂമി ഏറ്റെടുക്കൽ മൂലം ഉപയോഗരഹിതമാകുന്ന ഭൂമി കൂടി ഏറ്റെടുക്കുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപനം ത്വരിതപ്പെടുത്തുക.
- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ, കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതി രേഖയിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രകാരം ഭൂമി ഏറ്റെടുക്കൽ ചിലവുകൾ പൂർണ്ണമായും വഹിക്കേണ്ടത് കേരള സർക്കാർ ആണ്.

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ തത്പരകക്ഷികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം ഹരിപ്പാട് വില്ലേജിൻെറ പരിധിയിൽ ഭൂമി ഏറ്റെടുക്കുന്ന

ഭാഗത്ത് പ്രായോഗികമെങ്കിൽ റോഡിൻെറ ഇരുവശങ്ങളിലും തുല്യമായി ഭൂമി ഏറ്റെടുക്കുന്ന രീതിയിൽ അലൈമെൻറ് രൂപകൽപന ചെയ്യുക.

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാരിൻെറ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിജ്ഞാപനം G.O.(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ക്രമ നമ്പർ	പ്രത്യാഘാതം	പ്രത്യാഘാത നിയന്ത്രണം	സമയക്രമം
1	സ്ഥലം നഷ്ടമാകൽ	നഷ്ടപരിഹാരം (RFCTLARR നിയമം 2013, ഒന്നാം പട്ടികപ്രകാരം)	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം.
2	ഭൂമിയോട് ചേർന്നുള്ള നിർമ്മിതികളുടെ നഷ്ടമാകൽ	നഷ്ടപരിഹാരം (RFCTLARR നിയമം 2013, ഒന്നാം പട്ടികപ്രകാരം)	
3	ഉപജീവനമാർഗ്ഗം നഷ്ടമാകൽ	29/12/2017 തീയതിയിലെ കേരള സർക്കാരിൻെറ പോളിസി പ്രകാരം നഷ്ടപരിഹാരം/പുന:സ്ഥാപനം നൽകുക	

4	വീടുകളിലേക്കുള്ള മാർഗ്ഗം പ്രവേശന മാർഗ്ഗം തടസ്സപ്പെടൽ	വീടുകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടാത്ത രീതിയിൽ പദ്ധതിയുടെ നിർമ്മാണം ആസൂത്രണം ചെയ്യുക	
5	ഉപയോഗരഹിതമായ ഭൂമിയുടെ ഏറ്റെടുക്കൽ	ആഘാത ബാധിതരിൽ നിന്നുമുള്ള അപേക്ഷ പ്രകാരം വസ്തുവകകൾ ഏറ്റെടുക്കുക	ഭൂമി ഏറ്റെടുപ്പിൻെറ വേളയിൽ
6	കുടിവെള്ള പൈപ്പ് ലൈൻ, വൈദ്യുത തൂണ് മുതലായവ മാറ്റി സ്ഥാപിക്കൽ	പുനസ്ഥാപിക്കുവാനുള്ള ക്രമീകരണങ്ങൾ കൈക്കൊള്ളുക	നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക.
7	ആഘാത ബാധിത കുടുംബങ്ങളുടെ വസ്തുക്കളിലെ യൂട്ടിലിറ്റീസിനുണ്ടാകുന്ന കേടുപാടുകൾ	ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കേടുപാടുകൾ നികത്തുകയോ പദ്ധതി ബാധിത കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പകരം ക്രമീകരണങ്ങൾ സ്വീകരിക്കുകയോ ചെയ്യുക.	നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക
8	പൊതുഗതാഗതം തടസപ്പെടലും നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണ പ്രശ്നങ്ങളും.	പദ്ധതി നിർവഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക.	നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക.

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാതനിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ എന്നിവ പ്രകാരവും ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളെയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കുന്നതുമൂലം പദ്ധതി ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുന:സ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്ട് 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുന:സ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. ഹരിപ്പാട് റെയിൽവ്വേ ഓവർ ബ്രിഡ്ജിൻെറ നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ആലപ്പുഴ ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്ട്, 2013 ൻെറ 45-ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്നതു പ്രകാരം ന്യായമായ നഷ്ടപരിഹാരം,

പുനരധിവാസം, പുന:സ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ
- പുനരധിവാസ-പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ അധികാരി
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ

8.2. ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ,2015 പ്രകാരം ആയിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

ഈ തുക കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാർ ആണ്.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

റെയിൽവ്വേ മേൽപ്പാല നിർമ്മാണത്തിനുള്ള ഏകദേശ ചിലവ് കണക്കാക്കിയിരിക്കുന്നത് Rs 30.96 കോടി രൂപ ആണ്. ഈ തുക കേരള സർക്കാരും റെയിൽവ്വേ മന്ത്രാലയവും തുല്യമായി വഹിക്കും. ഭൂമി ഏറ്റെടുക്കലിനുള്ള മുഴുവൻ തുകയും കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാർ ആണ്.

അദ്ധ്യായം 10

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചനകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരിത്തിയിരിക്കുന്ന നഷ്ടപരിഹാര തുക
- നഷ്ടപരിഹാര തുക പദ്ധതി ആഘാത കുടുംബങ്ങൾക്ക് നൽകുവാൻ എടുക്കുന്ന സമയം
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

അദ്ധ്യായം 11
നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം.

ഹരിപ്പാട്–എടത്വാ റോഡിൽ അമ്പലപ്പുഴ, ഹരിപ്പാട് സ്റ്റേഷനുകൾക്കിടയിലാണ് തപ്പക്കുടത്തെ L.C നമ്പർ 115 സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്ത് ഫ്ലാറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, വാണിജ്യ സ്ഥാപനങ്ങൽ ഹോട്ടലുകൾ എന്നിവ സ്ഥിതി ചെയ്യുന്നതിനാൽ വാഹനങ്ങളുടെ സാന്ദ്രത വളരെ കൂടുതൽ ആണ്. ഗതാഗതക്കുരുക്കും റെയിൽ ക്രോസ്സിങ്ങിനായി വാഹനങ്ങൾ നിർത്തിയിടുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും നിർദ്ദിഷ്ട റെയിൽവ്വേ മേൽപ്പാലം വരുന്നതുമൂലം കുറക്കുവാൻ സഹായിക്കും. കൂടാതെ ഇന്ധന ക്ഷമത കൂട്ടുവാനും യാത്രാ ചിലവ് കുറക്കുവാനും ഈ പദ്ധതി പ്രയോജനപ്പെടും. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതുമൂലം ഒരു റെയിൽ ക്രോസ്സ് കുറയുകയും റെയിൽവ്വേ ലൈനുകൾ മുറിച്ചു കടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഗണ്യമായി കുറയുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം അമ്പലപ്പുഴ–ഹരിപ്പാട് റെയിൽവ്വേ ലൈനിൽ LC നമ്പർ.115 ൽ നിർമ്മിക്കുന്ന റെയിൽവ്വേ ഓവർ ബ്രിഡ്ജ് പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

പദ്ധതിക്കായി മൊത്തം 20 ആർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ഏറ്റവും കുറവ് ഭൂമി ഏറ്റെടുക്കുന്ന രീതിയിൽ ആണ് ഈ പദ്ധതിയുടെ രൂപകൽപന ചെയ്തിരിക്കുന്നത്.52 വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുവകകളെ പൂർണമായോ ഭാഗികമായോ പദ്ധതി ബാധിക്കുന്നു. 22 കുടുംബങ്ങൾ, അമൃത വിദ്യാലയം, ഹരിപ്പാട്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (തൃപ്പക്കുടം ക്ഷേത്രം) എന്നിവരാണ് പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ. മൂന്ന് കടകളും ഒരു വർക്ക്

ഷോപ്പും പദ്ധതി പ്രദേശത്തുനിന്നും ഭാഗീകമായോ പൂർണ്ണമായോ പൊളിച്ചുമാറ്റപ്പെടും. പദ്ധതി മൂലം 4 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടമാകും.

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ സ്വീകരിച്ചാൽ, പദ്ധതിയുടെ ആഘാതം കുറയ്ക്കുവാൻ സാധിക്കും.താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ഉപജീവന പുന:സ്ഥാപന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുക.
- പ്രായോഗികമെങ്കിൽ നിലവിലുള്ള അലൈന്മെൻറിൽ ഹരിപ്പാട് വില്ലേജിൻെറ പരിധിയിൽ വരുന്ന ഭാഗത്ത് മാറ്റം വരുത്തി റോഡിൻെറ ഇരുഭാഗങ്ങളിലും ഒരേ അളവിൽ ഭൂമി ഏറ്റെടുക്കുക. ഇത് ഈ ഭാഗത്ത് ഭൂമി നഷ്ടപ്പെടുന്ന വീടുകൾക്കും കടകൾക്കും ഉണ്ടാകുന്ന ആഘാതം കുറക്കുവാൻ ഇത് സഹായകമാകും..
- പുനരധിവാസ പുന:സ്ഥാപന പദ്ധതികളിൽ ദുർബലജന വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- ഭൂമി ഏറ്റെടുക്കൽ മൂലം ഉപയോഗരഹിതമാകുന്ന ഭൂമി കൂടി ഏറ്റെടുക്കുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപനം ത്വരിതപ്പെടുത്തുക.
- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്യതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിൻെറ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ നിലവിലെ പദ്ധതി അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ശുപാർശ ചെയ്യുന്നു.

Chairperson
Social Impact Assessment Unit